LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 13, ബുധൻ

നിയമസഭ 2005 ജൂലൈ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

പ്രത്യേക അറിയിപ്പ്

പി. കെ. വാസുദേവൻ നായരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : സംശുദ്ധമായ രാഷ്ട്രീയത്തിന്റെയും സൗമ്യതയുടേയും പ്രതീകമായിരുന്ന പി. കെ. വി. ഒരു ഓർമ്മയായി. മുൻ മുഖ്യമന്ത്രിയും തിരുവനന്തപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന പാർലമെന്റ് അംഗവും സമുന്നതനായ സി. പി. ഐ. നേതാവുമായിരുന്ന അദ്ദേഹം ഇന്നലെ ന്യൂഡൽഹിയിൽവെച്ച് നിര്യാതനായി. അദ്ദേഹത്തിന്റെ ഡെഡ്ബോഡി ഇന്നാണ് കൊണ്ടുവരുന്നത്. ഈ സാഹചര്യത്തിൽ ഇന്നത്തെ ചർച്ച മാറ്റിവയ്ക്കുന്നതാണ് ഉചിതമെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായിട്ട് ഞാൻ യോജിക്കുന്നു.

മി. സ്പീക്കർ : ഇന്നും നാളെയും നടത്താൻ നിശ്ചയിച്ചിരുന്ന അവിശ്വാസ പ്രമേയ ചർച്ച മാറ്റിവച്ചിരിക്കുന്നു. ജൂലൈ 15-ാം തീയതി വെള്ളിയാഴ്ച രാവിലെ ക്രിമേഷൻ കഴിഞ്ഞു വരാൻ സമയം എടുക്കും എന്നതുകൊണ്ട്.....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, 10.00 മണിക്ക് എങ്കിലും.....

മി. സ്പീക്കർ : 10.00 മണിക്ക് സഭ ചേരുന്നതും പി. കെ. വി.-യുടെ നിര്യാണം സംബന്ധിച്ച് റഫറൻസ് നടത്തുന്നതുമാണ്. 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30-ന്

രാഷ്ട്രപതി നിയമസഭയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യുമെന്നാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ സ്റ്റേറ്റ് ദുഃഖാചരണം പ്രമാണിച്ച് അദ്ദേഹത്തിന്റെ സന്ദർശന പരിപാടിയിൽ ഭേദഗതി വരുത്തിയെന്നു കൃത്യമായി അറിവായിട്ടില്ല; കോണ്ടാക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ഉച്ചയാകുമ്പോഴേക്കും കൃത്യമായ വിവരം ലഭ്യമാകുമെന്നു കരുതുന്നു. അതനുസരിച്ച് തുടർ നടപടികൾക്ക് രൂപം കൊടുക്കും. ഈ സഭ ഇപ്പോൾ പിരിഞ്ഞാലുടനെ ദയവായി കക്ഷിനേതാക്കൾ ചേമ്പറിൽ സമ്മേളിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പരേതനോടുള്ള ആദരസൂചകമായി സഭ ഇപ്പോൾ പിരിയുന്നതും വെള്ളിയാഴ്ച രാവിലെ 10.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ 15 - ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 - മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 8.34 -ന് പിരിഞ്ഞു.)

*13-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ട്രോളിംഗ് നിരോധനക്കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

*1 [150] *ശ്രീമതി മേഴ്സി രവി:*

ശ്രീ. വർക്കല കഹാർ:

,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്ത് ട്രോളിംഗ് നിരോധിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു ചെയ്യുവാൻ നിയോഗിക്കപ്പെട്ട കമ്മിറ്റികൾ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിന് ട്രോളിംഗ് നിരോധനമല്ലാതെ മറ്റെന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ എന്നു പറയാമോ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുവാൻ എന്തെല്ലാം നടപടികളെടുത്തു; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) & (ബി) ഉണ്ട്.

വർഷകാലത്ത് ട്രോളിംഗ് നിരോധിക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ താഴെപ്പറയുന്ന കമ്മിറ്റികളെ സർക്കാർ നിയോഗിച്ചിരുന്നു.

1. ബാബുപോൾ കമ്മിറ്റി
2. കലാവർ കമ്മിറ്റി

---

* 13-7-2005-ന് രാവിലെ 8.30 മുതൽ അവിശ്വാസ പ്രമേയത്തിന്മേലുള്ള ചർച്ച തുടരാൻ തീരുമാനമെടുത്തിരുന്നതിനാൽ ഈ ദിവസത്തേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly